മാറാട് കൂട്ടക്കൊല

*12 [12] ശ്രീ. മഞ്ഞളാംകുഴി അലി:
,, വി. കെ. സി. മമ്മത് കോയ:
,, മത്തായി ചാക്കോ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാട് കൂട്ടക്കൊല സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം വേണ്ടെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) സി.ബി.ഐ. അന്വേഷണം നടത്തേണ്ടതില്ലായെന്ന് അഡ്വക്കേറ്റ് ജനറൽ ഉപദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ സർക്കാർ എന്ത് തീരുമാനമെടുത്തുവെന്ന് വിശദീകരിക്കുമോ;

(സി) മാറാട് കലാപത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) അന്വേഷണത്തിന്റെ ഭാഗമായി കൊള്ളയടിക്കപ്പെട്ട ഏതെല്ലാം തൊണ്ടി സാധനങ്ങൾ കണ്ടെടുത്തിട്ടുണ്ടെന്നും, കൊള്ള നടത്തിയ എത്രപേർക്കെതിരെ ഇതിനകം കേസ് എടുത്തിട്ടുണ്ട് എന്നും വ്യക്തമാക്കുമോ; ഇതിൽ എത്രപേരെ ഇതിനകം കസ്റ്റഡിയിലെടുത്തു;

(ഇ) കൊള്ള നടത്തിയതുമായി ബന്ധപ്പെട്ട കേസ്സുകളുടെ അന്വേഷണം നിർത്തിവയ്ക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) കേസ്സിന്റെ അന്വേഷണം ഊർജ്ജിതമാക്കി തൊണ്ടിസാധനങ്ങൾ കണ്ടെത്തി പ്രതികളെ അറസ്റ്റ് ചെയ്യുവാനുള്ള സത്വര നടപടി സ്വീകരിക്കാൻ പോലീസിന് നിർദ്ദേശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ ആന്റ് ബി) ഉണ്ട്. മാറാട് സംഭവത്തിന്റെ പിന്നിലെ ഗൂഢാലോചന, അന്തർ സംസ്ഥാന ബന്ധം, തീവ്രവാദബന്ധം എന്നിവ സി.ബി.ഐ.-യെകൊണ്ട് അന്വേഷിപ്പിക്കുന്നതിനെപ്പറ്റി അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിരുന്നു. 'മാറാട് സംഭവവുമായി ബന്ധപ്പെട്ട പ്രോസിക്യൂഷൻ മറ്റേതെങ്കിലും ഏജൻസിക്കു കൈമാറുന്നത് നിയമപരമായും, വസ്തുതാപരമായും സാദ്ധ്യമല്ലെന്നും അത് കേസിന് ഗുണകരമല്ലെന്നും' അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകുകയുണ്ടായി.

അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം സർക്കാർ വിശദമായി പരിശോധിച്ചു. മാറാട് സംഭവുമായി ബന്ധപ്പെട്ട പ്രോസിക്യൂഷൻ മറ്റേതെങ്കിലും ഏജൻസിക്കു കൈമാറുന്നത് നിയമപരമായും വസ്തുതാപരമായും സാദ്ധ്യമല്ലെന്ന അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം സർക്കാർ അംഗീകരിക്കാൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) മാറാട് കലാപത്തിൽ ഉണ്ടായ നാളശനഷ്ടങ്ങളുമായി ബന്ധപ്പെട്ട് ബേപ്പൂർ പോലീസ് സ്റ്റേഷനിൽ 164 കേസുകളും മാറാട് പോലീസ് സ്റ്റേഷനിൽ 44 കേസുകളും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. ഇതിൽ 124 കേസുകൾ തെളിയേണ്ടതും പട്ടികയിൽ (യു.ഡി.) ഉൾപ്പെടുത്തിയും, 25 കേസുകൾ ഫാൾസ് ആയും ഒരു കേസ് തുടർ നടപടികൾ ആവശ്യമില്ലാത്ത വിഭാഗത്തിലും (എഫ്. എ. ഡി.) ഉൾപ്പെടുത്തി തീർപ്പ് കൽപിച്ച് ബഹു. കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ബാക്കി 58 കേസുകളിൽ അന്വേഷണം നടത്തിവരുന്നതുമാണ്. ഈ സംഭവത്തോടനുബന്ധിച്ച് ഉദ്ദേശം 63,79,810 രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ഇതുകൂടാതെ 40,000 രൂപയോളം വിലവരുന്ന ഒരു മോട്ടോർ സൈക്കിൾ കത്തി നശിക്കുകയും 5-ഓളം വീടുകൾക്ക് നിസ്സാര നാശനഷ്ടങ്ങൾ വരികയും ചെയ്തിട്ടുണ്ട്.

(ഡി) അന്വേഷണത്തിന്റെ ഭാഗമായി കളവുപോയ തൊണ്ടി സാധനങ്ങൾ യാതൊന്നും തന്നെ കണ്ടെടുത്തിട്ടില്ല. കളവു നടത്തിയ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ ആർക്കെതിരെയും കേസ്സെടുക്കുകയോ, ആരെയും കസ്റ്റഡിയിലെടുക്കുകയോ ചെയ്തിട്ടില്ല. എന്നാൽ മുതലുകൾ കളവുപോയതിന്റെ അടിസ്ഥാനത്തിൽ കേസുകൾ രജിസ്റ്റർ ചെയ്ത് ഊർജ്ജിത അന്വേഷണം നടത്തിവരുന്നു.

(ഇ) കേസുകളുടെ അന്വേഷണം നിർത്തിവയ്ക്കാൻ തീരുമാനമൊന്നും എടുത്തിട്ടില്ല. കേസുകൾ ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു.

(എഫ്) പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് കേസിന്റെ അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

*13 [13] ശ്രീ. വി. കെ. ചന്ദ്രൻ:
,, ടി.കെ. ദേവകുമാർ:
,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമില്ലാത്ത മീറ്ററുകൾ സ്ഥാപിച്ചു വരുന്നതുമൂലം സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുന്നതിന് മുമ്പ് ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഗുണനിലവാരം ഉറപ്പുവരുത്തിയ ലബോറട്ടറികൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ബോർഡ് ഇതിനകം എത്ര ഇലക്ട്രോണിക് മീറ്ററുകൾ വാങ്ങിയിട്ടുണ്ടെന്നും വിതരണം ചെയ്തിട്ടുള്ളത് എത്രയാണെന്നും ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയിട്ടുള്ളവ എത്രയാണെന്നും കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly